പാഠം 11

# ആവർത്തനം പിന്നീടുള്ള എഴുത്തുകളിൽ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: 2 രാജാ. 22; നെഹെ. 9:6; യിരെ. 7:1–7; സങ്കീ. 148:4; യിരെ. 29:13; മീഖാ. 6:1–8; ദാനീ. 9:1–19.**

**മനഃപാഠവാക്യം: "എങ്കിലും അവിടെവച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും" (ആവ. 4:29).**

എപ്പോഴൊക്കെയാണ്, പ്രത്യേകിച്ച് പഴയനിയമം പരാമർശങ്ങളുണ്ടാക്കുകയോ അല്ലെങ്കിൽ അതിലേക്കു ശ്രദ്ധ തിരിക്കുകയോ ചെയ്തിട്ടുള്ളത് എന്ന കാര്യം ബൈബിളിനെ സംബന്ധിച്ച് മനംകവരുന്ന സംഗതികളിൽ ഒരെണ്ണമാണ്; അതായത്, പഴയനിയമത്തിൽ പിന്നീടുള്ള എഴുത്തുകാർ, അവരുടെ വിഷയം എടുത്തുകാണിക്കുന്നതിന് മുമ്പുള്ളവരെയും അവരുടെ എഴുത്തുകളെയും ഉപയോഗിച്ചുകൊണ്ട് പരാമർശങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ഉദാഹരണമായി, സങ്കീർത്തനക്കാരൻ തിരിഞ്ഞ് പുറപ്പാടിലേക്കു പോയി പത്തു കല്പനയുടെ ആമുഖത്തിൽ ഉള്ളതുപോലെ 81-ാം സങ്കീർത്തനത്തിൽ ഇങ്ങനെ എഴുതി: "മിസ്രയീംദേശത്തുനിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു" (സങ്കീ. 81:10).

ബൈബിളിലുടനീളം പ്രത്യേകിച്ച്, ഉല്പത്തിയിൽ സൃഷ്ടിപ്പിന്റെ കഥ ഉദാഹരണമായി കാണപ്പെടുന്നു: "ഞാൻ ഭൂമിയെ നോക്കി അതിനെ പാഴും ശൂന്യവുമായി കണ്ടു; ഞാൻ ആകാശത്തെ നോക്കി; അതിനു പ്രകാശം ഇല്ലാതെയിരുന്നു" (യിരെ. 4:23; ഉല്പത്തി 1:2).

പലപ്പോഴും പഴയനിയമത്തിലെ പിന്നീടുള്ള എഴുത്തുകാർ, ഉദാഹരണമായി പ്രവാചകന്മാർ ആദ്യകാല യിസ്രായേലിന്റെ ഉടമ്പടി ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിച്ച ആവർത്തനപുസ്തകത്തിൽനിന്നും ഉദ്ധരിച്ചു. പിന്നീടുള്ള എഴുത്തുകാർ ഈ പുസ്തകം എങ്ങനെ ഉപയോഗിച്ചു എന്നതിൽ ഈയാഴ്ച നമ്മുടെ പഠനം കേന്ദ്രീകരിക്കും. ആവർത്തനത്തിന്റെ ഏതു ഭാഗങ്ങളാണ് അവർ ഉപയോഗിച്ചത്. ഇന്ന് നമുക്കു പ്രസക്തമാകുവാൻ തക്കവണ്ണം എന്ത് അഭിപ്രായങ്ങൾ അവർ ഉണ്ടാക്കുകയായിരുന്നു?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 11 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ന്യായപ്രമാണപുസ്തകം

യെഹൂദയിലെ യോശീയാവ് രാജാവായപ്പോൾ തനിക്ക് എട്ടുവയസ്സായിരുന്നു. യുദ്ധക്കളത്തിൽ മരിച്ചതിനുമുമ്പ് താൻ 31 വർഷം ഭരിച്ചു (ബി.സി. 640–ബി.സി. 609). തന്റെ വാഴ്ചയുടെ പതിനെട്ടാമാണ്ടിൽ, കുറച്ചുനാളത്തേക്കെങ്കിലും ദൈവജനത്തിന്റെ ചരിത്രത്തിനു മാറ്റം വരുത്തിയ ഒരു കാര്യം സംഭവിച്ചു.

**വായിക്കുക: 2 രാജാ. 22. ഈ സംഭവത്തിൽനിന്ന് നമുക്കെന്തു പഠിക്കുവാൻ കഴിയും?**

അനേകവർഷമായി ജനത്തിൽനിന്നും വ്യക്തമാംവിധം നഷ്ടമായ "ന്യായപ്രമാണ പുസ്തകം" (2 രാജാ. 22:8) ആവർത്തനപുസ്തകമാണെന്ന നിഗമനത്തിൽ പണ്ഡിതന്മാർ ദീർഘനാളുകൾകൊണ്ട് എത്തിച്ചേർന്നിരുന്നു.

"ഈ പൗരാണിക എഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപദേശങ്ങളും മുന്നറിയിപ്പുകളും ആദ്യമായി കേട്ടപ്പോൾ യോശീയാവ് സംഭ്രമിച്ചുപോയി. ദൈവം യിസ്രായേലിനു മുമ്പിൽ നിരത്തിവച്ചിരുന്ന 'ജീവനും മരണവും അനുഗ്രഹങ്ങളും ശാപങ്ങളും' എത്ര പരമാർത്ഥമാണെന്നത് താൻ ഇതുവരെ തിരിച്ചറിഞ്ഞിരുന്നില്ല (ആവ. 30:19). പൂർണ്ണമായി തങ്ങളുടെ ആശ്രയം അവനിൽ അർപ്പിക്കുന്നവരെ അങ്ങേയറ്റം രക്ഷിക്കുന്നതിനുള്ള തന്റെ മനസ്സൊരുക്കത്തിന്റെ ഉറപ്പുകൾകൊണ്ട് പുസ്തകം നിറഞ്ഞിരിക്കുന്നു. മിസ്രയീമ്യ അടിമത്വത്തിൽനിന്നും അവൻ വിടുതൽ കൊണ്ടുവന്നതുപോലെ, അവരെ വാഗ്ദത്തനാട്ടിൽ ഉറപ്പിക്കുന്നതിനും ഭൂമിയിലെ സകല രാഷ്ട്രങ്ങളുടെയും ഉച്ചസ്ഥാനത്ത് ആക്കുന്നതിനും അവൻ അതിശക്തമായി പ്രവർത്തിക്കും." എലൻ വൈറ്റ്, പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും പുറം. 393.

"യഹോവയെ അനുസരിച്ചു നടക്കുകയും അവന്റെ കല്പനകളും ചട്ടങ്ങളും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ പ്രമാണിക്കയും" ചെയ്യുമെന്ന തീരുമാനം യോശീയാരാജാവ് എത്ര ഗൗരവമായി എടുത്തു എന്നതാണ് അടുത്ത അദ്ധ്യായത്തിൽ നമുക്കു കാണുവാൻ കഴിയുന്നത് (2 രാജാ. 23:3; ആവ. 4:29; 6:5; 10:12; 11:13). "ഹില്ക്കീയാ പുരോഹിതൻ യഹോവയുടെ ആലയത്തിൽ കണ്ടെത്തിയ പുസ്തകത്തിൽ എഴുതിയിരുന്ന ന്യായപ്രമാണത്തിന്റെ വാക്യങ്ങളെ നിവർത്തിപ്പാൻ തക്കവണ്ണം യോശീയാവ് വെളിപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും ഗൃഹബിംബങ്ങളെയും മറ്റു വിഗ്രഹങ്ങളെയും യെഹൂദാദേശത്തും യെരൂശലേമിലും കണ്ട സകല മ്ലേച്ഛതകളെയും അശേഷം നശിപ്പിക്കുന്നതും" ഈ നവീകരണത്തിൽ ഉൾപ്പെടുന്നു (2 രാജാ. 23:24).

ചുറ്റുമുള്ള ജാതികളുടെ ആചാരങ്ങൾ അവർ പിൻപറ്റുന്നതിനെതിരെയുള്ള താക്കീതുകളും ഉപദേശങ്ങളുംകൊണ്ട് ആവർത്തനപുസ്തകം നിറഞ്ഞിരിക്കുന്നു. യോശീയാവിന്റെ പ്രവർത്തനങ്ങളും ശമര്യയിലെ വിഗ്രഹാരാധികളായ പുരോഹിതന്മാർ എന്തായിരിക്കണമായിരുന്നു എന്നതിന്റെ നിറവേറലും ഉൾപ്പെടെ (2 രാജാ. 23:20) അവർ ചെയ്തതെല്ലാം അവരെ ഭരമേല്പിച്ചിരുന്ന സത്യത്തിൽനിന്നും അവർ എന്തുമാത്രം അകന്നുപോയിയെന്നു വെളിപ്പെടുത്തി. അവർ ആയിരിക്കേണ്ട വിധത്തിലുള്ള ഒരു വിശുദ്ധജനമെന്നവിധം അവർ ശേഷിക്കുന്നതിനുപകരം ദൈവത്തോടൊപ്പം

നിർദ്ദോഷികളായിരിക്കുന്നതിൽ ഞങ്ങൾ ദൈവത്തിനു നന്ദിയുള്ളവരാണ് എന്ന് പല പ്പോഴും അവർ ചിന്തിച്ചിരുന്നെങ്കിലും അവർ ലോകവുമായി നിരപ്പിലെത്തിയിരുന്നു.

**ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടുംകൂടെ യഥാർത്ഥത്തിൽ സേവിക്കുന്നതിന് എന്തൊരു അപകടകരമായ വഞ്ചന! നമ്മുടെ സ്വന്തം ഭവനത്തിൽ, അല്ലെങ്കിൽ സഭാസ്ഥാപനങ്ങളിൽ നാം പൂർണ്ണമായി ശുദ്ധീകരിക്കേണ്ടതായിട്ടുള്ള തെന്തൊക്കെയാണ്?**

## സ്വർഗ്ഗാധിസ്വർഗ്ഗം

ന്യായപ്രമാണവും ഉടമ്പടിയും മുഖ്യമായിരുന്നത് യിസ്രായേലിനു ദൈവവുമായുള്ള ബന്ധത്തിൽ മാത്രമായിരുന്നില്ല, എന്നാൽ "തിരഞ്ഞെടുക്കപ്പെട്ട" ജനമെന്ന വിധം രാഷ്ട്രത്തിന്റെ താല്പര്യത്തിനും കൂടിയായിരുന്നു (ആവ. 7:6; 14:12; 18:5).

**ന്യായപ്രമാണത്തിന്റെയും യിസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ട അന്തസ്സിന്റെയും ആശയത്തെ അധികമായി ആയാസപ്പെടുത്തിയിരിക്കുന്ന ആവ. 10:12–15 വരെയുള്ള വേദഭാഗം വായിക്കുക. സ്വർഗ്ഗാധിസ്വർഗ്ഗം എന്ന പദപ്രയോഗത്തെ ബൈബിൾ എന്ത് അർത്ഥമാക്കുന്നു? ആ പദപ്രയോഗംകൊണ്ട് മോശെ എന്ത് ഉദ്ദേശിക്കുന്നു?**

പെട്ടെന്നുള്ള ഈ പശ്ചാത്തലത്തിലെങ്കിലും ഏറ്റവും കുറഞ്ഞത് "സ്വർഗ്ഗാധിസ്വർഗ്ഗം" എന്നാൽ എന്ത് അർത്ഥമാക്കുന്നു എന്നത് കൃത്യമായും വ്യക്തമല്ല. എന്നാൽ മോശെ ഇവിടെ ദൈവത്തിന്റെ മഹത്വം, അധികാരം, ഐശ്വര്യം എന്നിവയെ ചൂണ്ടിക്കാണിക്കുന്നു. അതായത്, സ്വർഗ്ഗത്തെ മാത്രമല്ല, സ്വർഗ്ഗാധിസ്വർഗ്ഗവും അവനുള്ളതാണ്. സർവ്വസൃഷ്ടികളുടെയും മേലുള്ള ദൈവത്തിന്റെ പരമാധികാരത്തിന്റെ അത്യന്തം ഉതകുന്ന ഭാഷാസഹജമായ ഒരു പ്രകടനവുമാണത്.

**താഴെ കാണുന്ന വാകൃങ്ങൾ വായിക്കുക: എല്ലാം ആവർത്തനത്തിൽ കാണപ്പെടുന്ന വാകൃങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. ഓരോ കാര്യത്തിലും എന്ത് അഭിപ്രായമാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അവിടെ ആവർത്തനത്തിന്റെ സ്വാധീനം നാമെങ്ങനെ കാണുന്നു?**

1 രാജാ. 8:27 ........................................................................................................

നെഹെ. 9:6 ........................................................................................................

സങ്കീ. 148:4 ........................................................................................................

സ്രഷ്ടാവെന്ന നിലയിലും അവനെ മാത്രമേ ആരാധിക്കാവൂ എന്ന നിലയിലുമുള്ള ചിന്താവിഷയം, പ്രത്യേകിച്ച് നെഹെ. 9–ാമദ്ധ്യായം വ്യക്തമാക്കുന്നു. അവൻ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവനിലെ സകലസൈന്യത്തെയും ഉണ്ടാക്കി (നെഹെ. 9:6). വാസ്തവത്തിൽ, നെഹെമ്യാവ് "ആവർത്തനപുസ്തകത്തിൽനിന്നും വായിച്ചു" എന്ന് നെഹെ. 9:3 പറയുന്നു. മിക്കവാറും യോശീയാവിന്റെ കാലത്തിലെന്നപോലെ, ആവർത്തനപുസ്തകത്തിൽ ഏതാനും വാകൃങ്ങൾ കഴിഞ്ഞശേഷം ലേവ്യർ അവരുടെ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിനു മദ്ധ്യേ ആവർത്തനത്തിൽനിന്നും നേരിട്ടുവന്ന "സ്വർഗ്ഗാധിസ്വർഗ്ഗം" എന്ന പദം എന്തുകൊണ്ട് ഉപയോഗിച്ചു.

**ദൈവം ഭൂമിയുടെ മാത്രമല്ല "സ്വർഗ്ഗാധിസ്വർഗ്ഗത്തിന്റെയും" സ്രഷ്ടാവാണ്. അപ്പോൾ ഇതേ ദൈവമാണ് ക്രൂശിലേക്കുപോയത് എന്നതിനെപ്പറ്റി ചിന്തിച്ചുനോക്കുക! അവൻ നമുക്കുവേണ്ടി ചെയ്തതിന് എന്തുകൊണ്ടാണ് ആരാധന അനുയോജ്യമായ പ്രതികരണമായിരിക്കുന്നത്?**

## ആവർത്തനം യിരെമ്യാവിൽ

വർഷങ്ങൾക്കുമുമ്പ് അവിശ്വാസിയായ ഒരു യുവാവ് സത്യത്തിനുവേണ്ടി, അത് എന്തായിരുന്നാലും, എന്തിലേക്കു നയിച്ചാലും ആത്യാവേശമുള്ള ഒരു അന്വേഷക നായിരുന്നു. ആത്യന്തികമായി, അവൻ പിതാവായ ദൈവത്തിലും യേശുവിലും വിശ്വ സിക്കുക മാത്രമല്ല, സെവന്ത് ഡേ അഡ്വന്റിസ്റ്റ് ദൂത് സ്വീകരിക്കുകയുംകൂടി ചെയ്തു. യിരെ. 29:13 ആയിരുന്നു തന്റെ പ്രിയപ്പെട്ട ബൈബിൾ വാക്യം. അത് ഇങ്ങനെയാണ്: "നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും." വർഷങ്ങൾ കഴിഞ്ഞ്, ബൈബിൾ പഠിച്ചപ്പോൾ പണ്ടൊ രിക്കൽ ആവർത്തനപുസ്തകത്തിൽ കണ്ട ഈ വാക്യം വീണ്ടും കണ്ടെത്തി. ഇത് യിരെമ്യാവിന് ലഭിച്ചത് മോശെയിൽനിന്നുമാണ്.

**ആവ. 4:23-29 വരെ വായിക്കുക. യിസ്രായേലിനോടുള്ള ഈ വാഗ്ദത്തത്തിന്റെ പശ്ചാത്തലമെന്താണ്, ഇത് ഇന്നു നാമുമായി എങ്ങനെ ബന്ധപ്പെടുവാൻ കഴിയും?**

നാം കണ്ടുകഴിഞ്ഞതുപോലെ, യോശീയാ രാജാവിന്റെ വാഴ്ചയുടെ കാലത്ത് ആവർത്തനപുസ്തകം വീണ്ടും കണ്ടെത്തുകയും യിരെമ്യാവിന്റെ ശുശ്രൂഷ ആരം ഭിച്ചത് യോശീയാവിന്റെ വാഴ്ചയിൻ കീഴിലുമായിരുന്നു. യിരെമ്യാവിന്റെ എഴുത്തു കളിൽ ആവർത്തനത്തിന്റെ സ്വാധീനത്തെ നമുക്കു കാണുവാൻ കഴിയുന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല.

**യിരെ. 7:1-7 വായിക്കുക. ചെയ്യുന്നതിന് യിരെമ്യാവ് ജനത്തോട് പറയുന്നതെന്താണ്. ആവർത്തനപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നത് ഇതുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

കനാൻ ദേശത്ത് അവരുടെ നിലനില്പ് വ്യവസ്ഥയിന്മേലായിരുന്നു എന്നതിനെ പ്പറ്റി മോശെ ആവർത്തനത്തിൽ ആവർത്തിച്ചു പറയുന്നു. അവർ അനുസരണക്കേട് കാണിക്കുകയാണെങ്കിൽ, ദൈവം അവർക്കുവേണ്ടി തിരഞ്ഞെടുത്ത ദേശത്ത് അവർ ശേഷിക്കുകയില്ല. യിരെമ്യാവ് 7:4 ലെ പ്രത്യേക മുന്നറിയിപ്പ് നോക്കുക. ഇത് ദൈവ ത്തിന്റെ മന്ദിരമായിരുന്നു. അതേ, അവർ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. എന്നാൽ അവർ അനുസരണമുള്ളവരല്ലെങ്കിൽ ഇതൊന്നും വിഷയമാകുകയില്ല എന്നാണ് വിവക്ഷ.

പരദേശികളെയും അനാഥരെയും വിധവമാരെയും എങ്ങനെ അവർ കൈകാര്യം ചെയ്തു എന്നതും അനുസരണത്തിൽ ഉൾപ്പെടുന്നു. നേരെ ആവർത്തനത്തിലേക്കു പോകുന്ന ഒരു ആശയവും അവർ പിൻപറ്റുവാൻ തക്കവണ്ണം ഉടമ്പടി വ്യവസ്ഥ യിൽ അവശ്യകർത്തവ്യവുമായിരുന്നു: "പരദേശിയുടെയും അനാഥന്റെയും ന്യായം മറിച്ചുകളയരുത്; വിധവയുടെ വസ്ത്രം പണയം വാങ്ങുകയുമരുത്" (ആവ. 24:17, 24:21; 10:18,19; 27:19 ഇവ കൂടി കാണുക).

**യിരെ. 4:4 വായിച്ചിട്ട് ആവ. 30:6 മായി താരതമ്യപ്പെടുത്തുക. ഇവിടെ ജനത്തോ ടുള്ള ദൂതെന്താണ്. ഇന്ന് ദൈവജനത്തിന് ഇതിലെ തത്വം തുല്യമായി എങ്ങനെ പ്രായോഗികമാകുന്നു?**

## ദൈവം ആവശ്യപ്പെടുന്നത് എന്താണ്?

വിശ്വസ്തതയ്ക്കുവേണ്ടിയുള്ള അപേക്ഷയാണ് പ്രവാചകന്മാരുടെ എഴുത്തുകളിൽ അധികവും. പൊതുവേ വെറും വിശ്വസ്തതയല്ല, എന്നാൽ പ്രത്യേകിച്ച്, അവർ വാഗ്ദത്തനാട്ടിൽ പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ് ഉറപ്പിച്ച അവരുടെ ഉടമ്പടിയുടെ പങ്കിനോടുള്ള വിശ്വസ്തത. ഇതാണ് ആവർത്തനപുസ്തകം ചിത്രീകരിക്കുന്നത്: യിസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ സ്ഥിരീകരണം. 40 വർഷം വഴി മാറി പോയതിനുശേഷം, ഇടപാടിൽ ദൈവം തന്റെ ഭാഗമായ ഉടമ്പടി വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ (അഥവാ നിറവേറ്റുവാൻ തുടങ്ങുന്നു) സമയമായി. അങ്ങനെ അവരുടെ ഭാഗവും നിറവേറ്റുന്നതിന് മോശെ അവരെ ഉപദേശിച്ചു. വാസ്തവത്തിൽ, അടിസ്ഥാനപരമായി പ്രവാചകന്മാരുടെ എഴുത്തുകളിലധികവും ഇതുതന്നെയാണ്: അതായത്, ഉടമ്പടിയിൽ അവരുടെ ഭാഗം ഉയർത്തിപ്പിടിക്കുവാൻവേണ്ടി ജനത്തോട് അപേക്ഷിക്കുന്നത്.

**വായിക്കുക: മീഖാ. 6:1-8. ദൈവം ജനത്തോട് പറയുന്നതെന്താണ്, ഇത് ആവർത്തനപുസ്തകവുമായി എങ്ങനെ ബന്ധപ്പെടുന്നു? (ആമോ. 5:24; ഹോശേ. 6:6).**

"ഉടമ്പടിനിയമമനുസരിച്ച് കൊടുക്കുന്ന കേസ് വേദപണ്ഡിതന്മാർ മീഖാ പ്രവചനത്തിലെ ഈ വാക്യങ്ങളിൽ കാണുന്നു. അതിൽ ദൈവം ഹർജി കൊടുക്കുകയോ അല്ലെങ്കിൽ ഉടമ്പടി ലംഘിക്കുന്നതുകാരണം അവന്റെ ജനത്തിനെതിരേ ഒരു കേസ് കൊണ്ടുവരുകയോ ചെയ്യുന്നു. ഇക്കാര്യത്തിൽ, യഹോവയ്ക്കു "തന്റെ ജനത്തോട് ഒരു വ്യവഹാരമുണ്ട്" എന്നു മീഖാ പറയുന്നു. ഇതിൽ "വ്യവഹാരം" എന്ന പദത്തിന് (റിവ്/riv) നിയമപരമായ ഒരു തർക്കമുണ്ടെന്ന് അർത്ഥമാക്കുവാൻ കഴിയും. അതായത്, ഉടമ്പടിയുടെ കാഴ്ചപ്പാട് (ബന്ധപ്പെടുന്നതു കൂടാതെ) അർത്ഥമാക്കുന്ന അലങ്കാരപ്രയോഗമെന്നവിധം അവർക്കെതിരേ ദൈവം നിയമപരമായ ഒരു വ്യവഹാരം കൊണ്ടുവരികയായിരുന്നു. എന്നിരിക്കിലും ഇത് ആശ്ചര്യകരമാകുവാൻ പാടില്ല. കാരണം ഉടമ്പടിക്കു മുഖ്യമായിരിക്കുന്നത് കല്പനയാണ്.

ആവർത്തനത്തിൽനിന്നും മീഖാ ഭാഷ നേരിട്ട് കടമെടുക്കുന്നത് എങ്ങനെയെന്നുകൂടി ശ്രദ്ധിക്കുക: "ആകയാൽ യിസ്രായേലേ... നിന്നോടു ചോദിക്കുന്നത് എന്ത്? (ആവ. 10:12,13). നേരിട്ട് ഉദ്ധരിക്കുന്നതിനുപകരം, നീതിയും കരുണയും എന്നുള്ള ന്യായപ്രമാണത്തിന്റെ ആദർശത്തിലേക്ക് ആവർത്തനത്തിലെ ന്യായപ്രമാണത്തിന്റെ അക്ഷരത്തെ മാറ്റുന്നു.

ഇവിടെ സംഭവിക്കുന്നത് മതത്തിന്റെയും ദൈവഭക്തിയുടെയും (ധാരാളം മൃഗബലികൾ, അതായത് "ആയിരക്കണക്കിന് ആട്ടുകൊറ്റന്മാർ) ബാഹ്യ പ്രത്യക്ഷത എന്തുതന്നെയായിരുന്നാലും അതല്ല, യിസ്രായേലിന്റെ ദൈവവുമായുള്ള ഉടമ്പടി ബന്ധം സ്ഥാപിക്കുന്നത്. ഉദാഹരണമായി, "അവർ വയലുകളെ മോഹിച്ച്... അവന്റെ അവകാശത്തെയും പീഡിപ്പിക്കുന്നു" (മീഖാ. 2:2). ഈ പുറമോടികൾ എന്തു നന്മയാണ് ചെയ്യുന്നത്? ലോകത്തിന് യിസ്രായേൽ ഒരു വെളിച്ചമാകണമായിരുന്നു. അത് കണ്ടിട്ട് ജാതികൾ ആശ്ചര്യത്തോടെ "ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നെ" (ആവ. 4:6) എന്നു പറയണം. അങ്ങനെ നീതിയോടും കരുണയോടുംകൂടെ മനുഷ്യരെ കാണുന്നതുൾപ്പെടെ അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ പ്രവർത്തിക്കണമായിരുന്നു.

## ദാനീയേലിന്റെ പ്രാർത്ഥന

പഴയനിയമത്തിലുടനീളം കാണപ്പെടുന്ന ഏറ്റവും പ്രസിദ്ധമായ പ്രാർത്ഥനകളിൽ ഒരെണ്ണമാണ് ദാനീയേൽ ഒമ്പതാമദ്ധ്യായത്തിലുള്ളത്. യിസ്രായേലിന്റെ ശൂന്യാവസ്ഥ 70 ആഴ്ചകൊണ്ട് തീരും എന്ന് യിരെമ്യാവിന്റെ പ്രവചനം വായിച്ചു പഠിച്ചതുകാരണം ദാനീയേൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ തുടങ്ങി.

ഇതെന്തൊരു പ്രാർത്ഥനയായിരുന്നു. എരിവോടും കണ്ണുനീരോടുമുള്ള ഈ പ്രാർത്ഥനയിൽ തന്റെയും തന്റെ ജനത്തിന്റെയും പാപങ്ങളെ ഏറ്റുപറഞ്ഞു. അതേസമയം അവരുടെ മേലുണ്ടായ ദുരന്തത്തിനു മദ്ധ്യേ ദൈവത്തിന്റെ ന്യായത്തെ അംഗീകരിക്കുകയും ചെയ്തു.

**ദാനീ. 9:1-19 വരെ വായിക്കുക. ആവർത്തനപുസ്തകവുമായി നേരിട്ട് ബന്ധപ്പെടുന്ന ഏതൊക്കെ വിഷയങ്ങളാണ് നിങ്ങൾക്കു കാണുവാൻ കഴിയുന്നത്?**

ഉടമ്പടിയിൽ ജനം തങ്ങളുടെ ഭാഗം നിറവേറ്റാതിരിക്കുന്നതിന്റെ ഫലത്തെ സംബന്ധിച്ച് ആവർത്തനത്തിൽ ദേശത്തിനു നല്കപ്പെട്ടിരിക്കുന്ന മുന്നറിയിപ്പുകളുടെ ഒരു കൃത്യമായ സംക്ഷിപ്തരൂപമാണ് ദാനീയേലിന്റെ പ്രാർത്ഥന. രണ്ടു പ്രാവശ്യം ദാനീയേൽ തിരിഞ്ഞ് "മോശെയുടെ ന്യായപ്രമാണം" എന്ന് പരാമർശിച്ചു (ദാനീ. 9:11,13). ഈ പരാമർശം തീർച്ചയായും ഇക്കാര്യത്തിൽ പ്രത്യേകിച്ച് ആവർത്തനത്തെ ഉൾക്കൊള്ളിച്ചായിരുന്നിരിക്കണം. ആവർത്തനം പറഞ്ഞിരുന്നതുപോലെ, അവർ ദേശത്തുനിന്നും പുറംതള്ളപ്പെട്ടു (ആവ. 4:27-31; 28 കാണുക). കാരണം അവർ അനുസരിച്ചില്ല. ഇതു സംഭവിക്കുമെന്ന് കൃത്യമായി മോശെയോട് പറഞ്ഞിരുന്നതാണ് (ആവ. 31:29). "തീർച്ചയായും ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനംതന്നെ" (ആവ. 4:6) എന്ന് അവർക്കു ചുറ്റുമുള്ള രാഷ്ട്രങ്ങൾ പറയുന്നതിനു പകരം ചുറ്റുമുള്ള എല്ലാവർക്കും യിസ്രായേൽജനം ഒരു "നിന്ദ"യായിത്തീർന്നു (ദാനീ. 9:16).

ദാനീയേലിന്റെ എല്ലാ കണ്ണുനീരിലും കേണപേക്ഷിക്കലിലുമൊന്നും അനേകരും സാധാരണ ചോദിക്കാറുള്ള "എന്തുകൊണ്ട്" എന്ന ഒരു ചോദ്യം ഒരിക്കലും ചോദിച്ചില്ല. ഇവയെല്ലാം എന്തുകൊണ്ട് സംഭവിച്ചു എന്നത് തനിക്ക് കൃത്യമായി അറിയാമായിരുന്നതുകൊണ്ട് ആവർത്തനപുസ്തകത്തോട് താൻ നന്ദിയുള്ളവനുമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അവരുടെമേൽ വന്ന തിന്മ വെറും അന്ധമായ വിധിയോ, അന്ധമായ ഒരു ആകസ്മിക സംഭവമോ അല്ല. എന്നാൽ അവർക്കു കൃത്യമായി മുന്നറിയിപ്പുകൾ നല്കപ്പെട്ടിരുന്നത് എന്തിനെക്കുറിച്ചാണോ, അവയോടുള്ള അനുസരണക്കേടിന്റെ അനന്തരഫലമാണെന്നു മനസ്സിലാക്കുവാൻ ആവർത്തനപുസ്തകം ഒരു പശ്ചാത്തലം ദാനീയേലിനു കൊടുത്തതായിരുന്നു.

എന്നാൽ, ഒരു പക്ഷേ കൂടുതൽ പ്രധാനമായി, ഈ സംഭവങ്ങളൊക്കെ ഉണ്ടായിരുന്നെങ്കിലും പ്രത്യാശയ്ക്കു വകയുണ്ടായിരുന്നു എന്ന ഒരു യാഥാർത്ഥ്യം ദാനീയേലിന്റെ പ്രാർത്ഥന പ്രകടമാക്കി. എത്രതന്നെ ദൈവം കൈവിട്ടതുപോലെ തോന്നിയെങ്കിലും അവൻ കൈവിട്ടിട്ടില്ലായിരുന്നു. അവരുടെ അവസ്ഥ മനസ്സിലാക്കുന്നതിന് ആവർത്തനപുസ്തകം ഒരു സന്ദർഭം കൊടുക്കുക മാത്രമായിരുന്നില്ല. എന്നാൽ

പുനഃസ്ഥാപിക്കലിന്റെ ഒരു വാഗ്ദത്തംകൂടെ ഇതു ചൂണ്ടിക്കാണിച്ചു.

**ദാനീയേൽ 9:24-27 വരെ കാണപ്പെടുന്ന യേശുവിനെയും അവന്റെ ക്രൂശിലെ മരണത്തെയും സംബന്ധിച്ച പ്രവചനം വായിക്കുക. യിസ്രായേലിന്റെ പ്രവാസത്തിന്റെയും മടങ്ങിവരവിന്റെയും പശ്ചാത്തലത്തിൽ ദാനീയേലിന് (ശേഷിക്കുന്ന നമുക്കും) ഈ പ്രവചനം നല്കപ്പെട്ടത് എന്തുകൊണ്ടായിരുന്നു?**

## കൂടുതൽ പഠനത്തിന്:

"ഇത് (മീഖാ. 6:1-8) പഴയനിയമത്തിലെ വലിയ ഖണ്ഡികകളിൽ ഒരെണ്ണമാണ്. ആമോസ് 5:24-ഉം; ഹോശേയ 6:6-ഉം പോലെ എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാരുടെ ദൂതിനെ സംഗ്രഹിക്കുന്നു. ചുറ്റുമുള്ള കുന്നുകളും മലകളും വളരെ നാളുകൾകൊണ്ട് യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഇടപെടലുകൾക്ക് സാക്ഷ്യം വഹിച്ചിരുന്നതുകൊണ്ട് അവയായിരുന്നു മദ്ധ്യസ്ഥസമിതി. ഉടമ്പടി ലംഘനത്തെ സംബന്ധിച്ച് യിസ്രായേലിനെ നേരിട്ടു കുറ്റം ആരോപിക്കുന്നതിനെക്കാൾ, തനിക്കെതിരെ എന്തെങ്കിലും ആരോപണങ്ങളുണ്ടോ എന്ന് ദൈവം യിസ്രായേലിനോടു ചോദിക്കുന്നു. 'ഞാൻ എന്തു ചെയ്തു? ഞാൻ നിങ്ങളെ എങ്ങനെ അസഹ്യപ്പെടുത്തി?' അന്യായത്തിന്റെ വെളിച്ചത്തിൽ പാവപ്പെട്ടവരിൽ ചിലർ ക്ഷേമപ്രവർത്തനത്തിൽ ക്ഷീണിച്ചു കാണണം. പെട്ടെന്നു ധന്യരാകുവാനുള്ള അവസരങ്ങളുടെ വെളിച്ചത്തിന്റെ ഉടമ്പടി നിയമങ്ങൾ പാലിക്കുന്നതിൽ ചില ഭൂവുടമകൾ ക്ഷീണിച്ചു കാണണം." Ralph L. Smith, Hord Biblical Commentary, Micah-Malachi (Grand Rapids, MI:Hord Books, 1984), vol.32,p.50

"പിന്നാലെയുണ്ടായ നവീകരണത്തിൽ, യോശീയാ രാജാവ് ശേഷിച്ച എല്ലാ വിഗ്രഹങ്ങളുടെയും അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിലേക്കു തന്റെ ശ്രദ്ധ തിരിച്ചു. ദേശവാസികൾ ഇതുവരെയും കല്ലും മരവുംകൊണ്ടുള്ള വിഗ്രഹങ്ങളുടെ മുമ്പിൽ കുമ്പിട്ടുകൊണ്ട് ചുറ്റുമുള്ള രാഷ്ട്രങ്ങളുടെ ആചാരങ്ങൾ പിൻപറ്റി. ഈ തിന്മകളുടെ ഓരോ അവശിഷ്ടവും നീക്കം ചെയ്യുന്നത് മനുഷ്യന്റെ ശക്തിക്കപ്പുറമാണെന്നു തോന്നി. എന്നാൽ ദേശത്തെ ശുദ്ധീകരിക്കുന്നതിനുവേണ്ടി യോശീയാവ് പ്രയത്നിച്ചു." Ellen G. White, Prophets and kings, p. 401.

## ചർച്ചാചോദ്യങ്ങൾ

1. തീർച്ചയായും നാം സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരാണ്. നാം നമ്മെ കാണുന്നത് നമ്മുടെ ഏതൽക്കാല സത്യമായ സന്ദേശത്തോടുകൂടിയാണ് (അതു ശരിയുമാണ്). അതേ സ്ഥാനത്തുതന്നെയായിരുന്നു പുരാതന യിസ്രായേല്യരും: അവർക്കുചുറ്റുമുള്ള ജനം കേൾക്കേണ്ടിയിരുന്ന സത്യം അവരുടെ പക്കലുണ്ടായിരുന്നു. നമുക്ക് ഇതൊരു വലിയ പദവിയാണ്. എന്നിരുന്നാലും അങ്ങനെയുള്ള പദവിയോടൊപ്പം വരുന്ന ഉത്തരവാദിത്വത്തിനൊത്തവിധം എത്ര നല്ലവിധമാണ് നാം ജീവിക്കുന്നത് എന്നു ചിന്തിക്കുന്നുണ്ടോ?

2. നിങ്ങളുടെ ദേശത്തെ പിടിച്ചടക്കുകയും നിങ്ങളെ പരാജയപ്പെടുത്തുകയും നിങ്ങളുടെ സർവ്വമത വിശ്വാസത്തിന്റെയും കേന്ദ്രമായ മന്ദിരം വിഗ്രഹാരാധകരായ ജാതികൾ നശിപ്പിക്കുകയും ചെയ്യുന്നത് കണ്ട ദാനീയേലാണ് നിങ്ങൾ എന്ന് സങ്കല്പിക്കുക. എങ്കിലും ആവർത്തനപുസ്തകത്തിന്റെ പരിജ്ഞാനം, ഈ സമയത്ത് അവന് (അല്ലെങ്കിൽ ഏതെങ്കിലും ഒരു യെഹൂദന്) വിശ്വാസം നിലനിർത്തുന്ന ഒന്നായിത്തീരുവാൻ എങ്ങനെ കഴിയും? അതായത്, സംഭവിച്ചുകൊണ്ടിരുന്നവയും എന്തുകൊണ്ട് ഇതു സംഭവിച്ചു എന്നതും മനസ്സിലാക്കുവാൻ ഈ പുസ്തകം എങ്ങനെ സഹായിച്ചു? അതേ വിധത്തിൽ, തിരുവെഴുത്തുകളെ സംബന്ധിച്ച നമ്മുടെ മൊത്തമായ പരിജ്ഞാനം, ശ്രമകരമായ സമയങ്ങളെയും സംഭവങ്ങളെയും കൈകാര്യം ചെയ്യുന്നതിന് എങ്ങനെയാണ് സഹായിക്കുന്നത്. അല്ലാത്തപക്ഷം നമ്മുടെ വചനപരിജ്ഞാനം കൂടാതെ അത് നമുക്കു വളരെ നിരാശാജനകമാകാം? നമ്മുടെ വിശ്വാസത്തിന് ബൈബിൾ എത്ര മുഖ്യമായിരിക്കുന്നു എന്നതിനെപ്പറ്റി ഈ ഉത്തരം നമ്മെ എന്തു പഠിപ്പിക്കുന്നു?

3. ദാനീ. 9:24-27 വരെയുള്ള 70 ആഴ്ചയുടെ പ്രവചനം ക്ലാസ്സിൽ ചർച്ച ചെയ്യുക. ഈ പ്രവചനത്തിൽ ഉടമ്പടിക്കുള്ള പങ്കെന്താണ്. ഇതിനും നമുക്കും ഉടമ്പടി എന്ന ആശയം അത്ര പ്രധാനമായിരിക്കുന്നതെന്തുകൊണ്ടാണ്?